# ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്തന്നേ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു

സാക് പുന്നൻ

WFTW 28 ആഗസ്റ്റ് 2016

ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്തന്നെ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു (എഫെ 5:23). സഭയെ പണിയണമെങ്കിൽ, നാം സഭയെ ഇതേ രീതിയിൽ സ്നേഹിക്കണം. നമ്മുടെ പണമോ, സമയമോ മാത്രം നൽകിയാൽ പോരാ. നാം നമ്മെ തന്നെ നൽകണം നമ്മുടെ സ്വയജീവൻ.

തനിക്ക് മനുഷ്യനോടുള്ള സ്നേഹം വിവരിക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, അവിടുന്ന് തൻറെ സ്നേഹത്തെ താരതമ്യപ്പെടുത്തുന്നത് ഭൗമികമായ ഏക ഉദാഹരണത്തോടാണ് ഒരമ്മയ്ക്ക് തൻറെ നവജാത ശിശുവിനോടുള്ള സ്നേഹം ( യെശയ്യാവ് 49:15 കാണുക). നിങ്ങൾ ഒരു അമ്മയെ നിരീക്ഷിക്കുകയാണെങ്കിൽ, അവൾക്ക് അവളുടെ കുഞ്ഞിനോടുള്ള സ്നേഹം ത്യാഗത്തിൻറെ ആത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നതായി നിങ്ങൾക്കു കാണാൻ കഴിയും. നന്നാരാവിലെ മുതൽ രാത്രി വളരെ വൈകുന്നതുവരേയും പിന്നീട് രാത്രി ഉടനീളം, ഒരമ്മ തൻറെ കുഞ്ഞിനുവേണ്ടി ത്യാഗംസഹിക്കുന്നു പിന്നേയും ത്യാഗം സഹിക്കുന്നു. അതിനു പ്രതിഫലമായി അവൾക്കു ഒന്നും ലഭിക്കുന്നുമില്ല.ഒന്നും തിരിച്ചു പ്രതീക്ഷിക്കാതെ, വർഷങ്ങളോളം, സന്തോഷത്തോടെ, അവളുടെ കുഞ്ഞിനുവേണ്ടി അവൾ വേദനയും അസൗകര്യങ്ങളും സഹിക്കുന്നു. അങ്ങനെയാണ് ദൈവം നമ്മേയും സ്നേഹിക്കുന്നത്. ആ സ്വഭാവമാണ് നമ്മിലേക്ക് പകരുവാൻ ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ഇതുപോലെ അന്യോന്യം സ്നേഹിക്കുന്നവരാണ് എന്ന് സത്യസന്ധമായി പറയാൻ കഴിയുന്ന ഒരു കൂട്ടായ്മ ലോകത്തിൽ ഒരിടത്തും കണ്ടെത്തുവാൻ സാധിക്കുകയില്ല.

തങ്ങളോട് ഏകാഭിപ്രായമായിരിക്കുന്നവരേയും, തങ്ങളുടെ കൂട്ടത്തോട് ചേരുന്നവരേയും മാത്രം സ്നേഹിക്കുവാനേ മിക്ക വിശ്വാസികൾക്കും അറിയുകയുള്ളൂ. അവരുടെ സ്നേഹം മാനുഷികവും അമ്മമാരുടെ ത്യാഗനിർഭരമായ സ്നേഹത്തിൽ നിന്ന് വളരെ അകലെയായിരിക്കുന്നതുമാണ്!! എങ്കിലും നാം ഉദ്യമിക്കുന്നത് ദിവ്യ സ്നേഹം എന്ന ലക്ഷ്യത്തിലേക്കായിരിക്കണം.

തൻറെ ചുറ്റുമുള്ള മറ്റുള്ളവർ അവളുടെ കുഞ്ഞിനുവേണ്ടി എന്തെങ്കിലും ത്യാഗം ചെയ്യുന്നുണ്ടോ എന്നുള്ള കാര്യം ഒരമ്മ ശ്രദ്ധിക്കാറില്ല. സന്തോ,ത്തോടെ അവൾ തന്നെ എല്ലാ കാര്യങ്ങളും ത്യാഗം ചെയ്യുന്നു. സഭയെ തൻറെ സ്വന്തം കുഞ്ഞായി കണ്ടിട്ടുള്ള ഒരാൾ തൻറെ ചുറ്റുമുള്ള മറ്റുള്ളവർ സഭയ്ക്കുവേണ്ടി എന്തെങ്കിലും ത്യാഗം ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന കാര്യത്തിൽ പ്രയാസപ്പെടാറില്ല. അവൻ തന്നെ സന്തോഷത്തോടുകൂടി ത്യാഗം ചെയ്യുകയും മറ്റാരോടും ഒരു പരാതിയോ അവകാശമോ ഒന്നും ഇല്ലാതെ ഇരിക്കുകയും ചെയ്യും.

മറ്റുള്ളവർ സഭയ്ക്കുവേണ്ടി ഒരു ത്യാഗവും ചെയ്യുന്നില്ല എന്നു പരാതിപ്പെടുന്നവർ അമ്മമാരല്ല എന്നാൽ അവർ കൂലിക്ക് എടുക്കപ്പെട്ട ആയമാരാണ്. അത്തരം ആയമാർക്ക് നിശ്ചിത പ്രവൃത്തി സമയമുണ്ട് തന്നെയുമല്ല അടുത്ത 8 മണിക്കൂർ ഷിഫ്റ്റിനുള്ള ആയ കൃത്യ സമയത്തു വന്നില്ലെങ്കിൽ അവൾ പരാതിപ്പെടുകയും ചെയ്യും എന്നാൽ ഷിഫ്റ്റിൻറെ ജോലിയല്ല ചെയ്യുന്നത്. അവൾ ദിവസവും 24 മണിക്കൂർ ഷിഫ്റ്റ് ജോലിയാണ് ചെയ്യുന്നത് വർഷങ്ങളോളം അതിന് അവൾക്ക് വേതനം ഒന്നും ലഭിക്കുന്നുമില്ല. അവളുടെ കുഞ്ഞിന് 20 വയസ് പ്രായമാകമ്പെഴും ആ അമ്മയുടെ ജോലി തീരുന്നില്ല!!

അമ്മമാർക്കു മാത്രമേ തങ്ങളുടെ കുഞ്ഞുങ്ങൾക്കുവേണ്ടി എല്ലാ ദിവസത്തേക്കുമുള്ള പാലുണ്ടായിരിക്കുകയുള്ളൂ. കുഞ്ഞുങ്ങൾക്കുവേണ്ടി പാൽ ഉല്പാദിപ്പിക്കുവാൻ ആയമാർക്ക് കഴിയുകയില്ല. അതുപോലെ തന്നെ, സഭയിൽ അമ്മമാരെപോലെയുള്ളവർക്ക് തങ്ങളുടെ ആത്മീയ മക്കൾക്കുവേണ്ടി എപ്പോഴും ഒരു വചനം ഉണ്ടായിരിക്കുംഓരോ കൂടി വരവിലും മിക്ക മൂപ്പന്മാർക്കും സഭയ്ക്കുവേണ്ടി ഒരു വചനമില്ലാതിരിക്കുന്നതിൻറെ കാരണം അവർ ആയമാരാണ്, അമ്മമാർ അല്ല.

ഒരമ്മ തൻറെ കുഞ്ഞുങ്ങളിൽ നിന്ന് ഒരു ശമ്പളം പ്രതീക്ഷിക്കുന്നില്ല. ഒരു കുഞ്ഞും അതിൻറെ അമ്മയ്ക്ക് അവളുടെ സേവനത്തിനു വേണ്ടി ഒരിക്കലും ശമ്പളം കൊടുക്കുന്നില്ല. വാസ്തവത്തിൽ ഒരു മണിക്കൂറിന് 20 രൂപ നിരക്കിൽ (ആയമാർക്ക് കൊടുക്കുന്നതുപോലെ) ഒരമ്മയ്ക്ക് കൊടുക്കേണ്ടശമ്പളം കണക്കു കൂട്ടിയാൽ, ഓരോ കുഞ്ഞും അതിന് 20 വയസ് പ്രായമാകുമ്പോഴേക്ക് 30 ലക്ഷം രൂപയിൽ കൂടുതൽ അതിൻറെ അമ്മയ്ക്ക് കടപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ കണ്ടെത്തും!! ഇത്തരം ഒരു തുക ഏതു കുഞ്ഞിന് എപ്പോൾ അതിൻറെ അമ്മയ്ക്ക് തിരിച്ചു കൊടുക്കാൻ കഴിയും?

ഇപ്പോൾ നമ്മോടുള്ള ചോദ്യം ഇതാണ്. ഇതുപോലെ കർത്താവിനും അവിടുത്തെ സഭയ്ക്കും വേണ്ടി വേല ചെയ്യുവാൻ ആർക്ക് മനസ്സുണ്ട് ? ഒരു ശമ്പളവും കൈപ്പറ്റാതെ, തന്നെത്തന്നെ കൊടുത്തുകൊണ്ട്, ദിവസംതോറും, വർഷംതോറും, യേശു വരുന്നതുവരെ?

ദൈവത്തിന് ആ ആത്മാവുള്ള ഒരു മനുഷ്യനെ എവിടെയെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞാൽ, ത്യാഗത്തിൻറെ ആത്മാവിനെ കൂടാതെ അവിടുത്തെ സേവിക്കാൻ ശ്രമിക്കുന്ന അർദ്ധമനസ്ക്കരായ 10000 വിശ്വാസികളെ ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ, അവിടുത്തെ സഭയെ പണിയുവാനായി അവിടുന്ന് ആ മനുഷ്യനെ ഉപയോഗിക്കും.